# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## സ്തുതിയുടെ സദ്ഫലങ്ങൾ



പ്രാർത്ഥനയിൽ പാലിക്കേണ്ട മനോഭാവത്തെക്കുറിച്ചാണ് പാപ്പാ ചൊവ്വാഴ്ച ദിവ്യബലി മദ്ധ്യേയുള്ള വായനയ്ക്കുശേഷം സംസാരിച്ചത്.

സാമുവൽ പ്രവാചകന്റെ 2-ാം പുസ്തകമായിരുന്നു വിചിന്തിനത്തിനായി ഉപയോഗിച്ചത്. തന്റെ സർവശക്തിയോടെയുംകൂടെ ദാവീദ് ദൈവതിരുമുമ്പിൽ നൃത്തം ചെയ്ത ഭാഗമായിരുന്നു പാപ്പാ വിശദീകരിച്ചത്. ഉടമ്പടി പേടകം മടങ്ങിയെത്തിയ സന്ദർഭത്തിലായിരുന്നു എല്ലാം മറന്നുള്ള ദാവീദിന്റെ നൃത്തം. സ്വസ്ഥതയുടെ അതിരുക ളെല്ലാം ഉപേക്ഷിച്ച് ദാവീദ് സ്തുതിയുടെ പ്രാർത്ഥന ചൊല്ലി എന്നാണ് പാപ്പാ ഇതിനെ വിശേഷിപ്പിച്ചത്. ശരിക്കും സ്തുതിയുടെ പ്രാർത്ഥനയായിരുന്നു അത്. പാപ്പാ പറഞ്ഞു. അത് വായിച്ചപ്പോൾ തനിക്ക് ഓർമ്മ വന്നത് ഇസഹാക്കിന്റെ ജനനത്തിലുള്ള ആഹ്ലാദം അടക്കാനാവാതെ നൃത്തം ചവിട്ടിയ അബ്രാഹത്തിന്റെ ഭാര്യയായ സാറയെ ആണെന്ന് അദ്ദേഹം പറഞ്ഞു.

അപേക്ഷാപ്രാർത്ഥനയും നന്ദിയുടെ പ്രാർത്ഥനയും മനസ്സിലാക്കാൻ കുറേക്കൂടി എളുപ്പമാണ്. ആരാധനയുടെ പ്രാർത്ഥനപോലും മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ളതല്ല. എന്നാൽ സ്തുതിയുടെ പ്രാർത്ഥന നമ്മൾ മാറ്റിവയ്ക്കുന്നു. കാരണം അത് അത്ര എളുപ്പമല്ല എന്ന് നാം ചിന്തിക്കുന്നു. അച്ചാ, അത് നവീകരണത്തിലുള്ളവർക്കുവേണ്ടി മാത്രമുള്ളതാണ്. എല്ലാ ക്രിസ്ത്യാനികൾക്കുമുള്ളതല്ല. അങ്ങനെയല്ല അത് ക്രിസ്തീയ പ്രാർത്ഥന തന്നെയാണ്. നമുക്കെല്ലാവർക്കും വേണ്ടിയുള്ളത് തന്നെ. ദിവ്യബലിയിൽ നാം നിത്യവും പരിശുദ്ധൻ. പരിശുദ്ധൻ പാടാറുണ്ടല്ലോ. ഇത് സ്തുതിയുടെ പ്രാർത്ഥ നയാണ്. നാം ദൈവത്തിന്റെ മഹിമ വാഴ്ത്തുന്നു. കാരണം അവിടുന്ന് മഹോന്നതനാണ്. നാം മനോഹരമായ വാക്കുകളാൽ അവിടുത്തെ മഹത്വം വർണ്ണിക്കുന്നു. എന്തെന്നാൽ അവിടുത്തെ മഹിമയിൽ നാം സന്തോഷിക്കുന്നു.

"പക്ഷേ, അച്ചാ എനിക്കതു കഴിയുന്നില്ല എനിക്ക്..." കൊള്ളാം നിങ്ങളുടെ ടീം വിജയിക്കുമ്പോൾ ആർത്തുവിളിക്കാൻ നിങ്ങൾക്കാവുമല്ലോ. എന്നാൽ ദൈവത്തിനു സ്തുതി പാടാൻ കഴിയുന്നില്ലെന്നോ? അവിടുത്തെ സ്തുതിക്കുവാനായി നിങ്ങളുടെ കുടുസ്സുമുറിയിൽനിന്നും പുറത്തുകടക്കാൻ കഴിയില്ലേ? ദൈവത്തെ സ്തുതിക്കുക എന്നത് തികച്ചും സ്വതന്ത്രമായി ചെയ്യേണ്ട ഒന്നാണ്. നാം അവിടുത്തോട് ഒന്നും ചോദിക്കുന്നില്ല. അവിടുന്നിൽനിന്നും സ്വീകരിച്ച ഒന്നിനും നന്ദി പ്രകാശിപ്പിക്കുന്നില്ല. അവിടുത്തെ

സ്തുതിക്കുക മാത്രം ചെയ്യുന്നു.

പൂർണ്ണമനസ്സോടെ വേണം അവിടുത്തോട് നാം പ്രാർത്ഥിക്കുവാൻ. അത് നീതിയുക്തമാണ്. എന്തെന്നാൽ അവിടുന്ന് വലിയവനാണ്. അവിടുന്ന് നമ്മുടെ ദൈവമാണ്. ദൈവത്തിന്റെ പേടകം മടങ്ങിവരുന്നതുകണ്ട് ദൈവം മടങ്ങിവരുന്നതു കണ്ട്-ദാവീദിന് സന്തോഷം അടക്കാനായില്ല. നൃത്തത്തിലൂടെ ദാവിദീന്റെ ഗാത്രവും പ്രാർത്ഥിക്കുകയായിരുന്നു.

നമുക്കിപ്പോൾ സ്വയം ചോദിക്കാം : സ്തുതിപ്പിന്റെ പ്രാർത്ഥനയിൽ നാം എന്താണ് ചെയ്യുന്നത്? കർത്താവിനെ സ്തുതിക്കാൻ എനിക്കറിയാമോ? അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം പാടുമ്പോഴും പരിശുദ്ധൻ പാടുമ്പോഴും ദൈവത്തെ സ്തുതിക്കാൻ എനിക്കറിയാമോ? ഞാൻ മുഴുഹൃദയത്തോടെയാണോ അവിടുത്തെ സ്തുതിക്കുന്നത് ? അതോ എന്റേത് വെറും അധരസേവ മാത്രമാണോ? നൃത്തംചെയ്ത ദാവീദും, സാറായും ഈ സന്ദർഭത്തിൽ എന്താണ് എന്നോടു പറയുന്നത്? ദാവീദ് നഗരത്തിൽ പ്രവേശിക്കുമ്പോൾ മറ്റൊരു കാര്യം ആരംഭിക്കുന്നു : ഒരു വിരുന്നുത്സവം!

സ്തുതിയുടെ ആനന്ദം നമ്മെ വിരുന്നിന്റെ ആനന്ദത്തിലേക്ക് നയിക്കുന്നു- കുടുംബത്തിലെ വിരുന്നുത്സവം. ദാവീദ് കൊട്ടാരത്തിലേക്കു മടങ്ങിയെത്തിയപ്പോൾ സാവൂളിന്റെ മകളായ മിക്കാൾ ദാവീദിന്റെ പ്രവൃർത്തിയെപ്രതി അദ്ദേഹത്തെ ശകാരിക്കുകയും മറ്റുള്ളവരുടെ മുന്നിൽ നൃത്തം ചെയ്യാൻ രാജാവായ ദാവീദിനു നാണമില്ലേ എന്നു ചോദിച്ചു അദ്ദേഹത്തെ പരിഹസിക്കുകയും ചെയ്തു.

സ്വയംപ്രേരിതമായി ദൈവത്തെ സ്തുതിക്കുന്ന നല്ല മനുഷ്യരെ എത്ര തവണ നാം ഹൃദയത്തിൽ നിന്ദിച്ചിട്ടുണ്ട്? അവർക്കു സംസ്കാരമില്ല. അവർ ഔപചാരികതകൾ പാലിക്കുന്നില്ല എന്ന് പറഞ്ഞ് നാമവരെ നിന്ദിച്ചിട്ടില്ലേ? ഇക്കാരണത്താൽ ജീവിതകാലം മുഴുവൻ മിക്കാൾ വന്ധ്യയായി കഴിയേണ്ടി വന്നു എന്നാണ് ബൈബിൾ പറയുന്നത്.

ഇവിടെ ദൈവവചനം എന്താണ് അർത്ഥമാക്കുന്നത്? സ്തുതിയുടെ പ്രാർത്ഥന നമ്മെ സദ്ഫലങ്ങൾകൊണ്ട് നിറയ്ക്കുന്നു എന്നുതന്നെ. തൊണ്ണൂറാം വയസ്സിൽ ഫലമണിഞ്ഞതിന്റെ ആഹ്ലാദം കൊണ്ടാണ് സാറാ നൃത്തമാടിയത്. സ്തുതിപ്പിന്റെ പ്രാർത്ഥന നമുക്കു നൽകുന്ന സദ്ഫലങ്ങൾ ദൈവത്തെ സ്തുതിക്കുന്നതിനുള്ള സമ്മാനമാണ്. കർത്താവിനെ സ്തുതിക്കുന്നവരും, അത്യുന്നതങ്ങളിൽ പരിശുദ്ധൻ പാടു ന്നവരും, അവിടുത്തെ സ്തുതിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നവരും ഫലം പുറപ്പെടുവി ക്കുന്ന വ്യക്തികളാണ്.

മറ്റൊരു കാര്യത്തിന്റെ അപകടവും പാപ്പാ ഓർമ്മപ്പെടുത്തി. പ്രാർത്ഥനയുടെ ഔപചാരികവലയത്തിൽ ഒതുങ്ങി ഊഷ്മളതയില്ലാതെ പ്രാർത്ഥിക്കുന്നവരെല്ലാം മിക്കാളിനെപ്പോലെ ഫലം പുറപ്പെടുവിക്കാത്തവരായി മാറും! ഇത്രയും പറഞ്ഞിട്ട് സർവശക്തിയോടെ കർത്താവിന്റെ മുമ്പിൽ നൃത്തം വയ്ക്കുന്ന ദാവീദിനെ ഭാവനയിൽ കാണാൻ പാപ്പാ പറഞ്ഞു. അപ്പോൾ ബോധ്യമാകും, സ്തുതിയുടെ പ്രാർത്ഥന എത്ര മനോഹരമാണെന്ന്. 23-ാം സങ്കീർത്തനത്തിലെ ഈ വാക്കുകൾ ഉരുവിടുന്നത് നമുക്കേറെ ഗുണം ചെയ്യും. കവാടങ്ങൾ ഉയർത്തുവിൻ, രാജകുമാരൻമാരേ, നിത്യകവാട ങ്ങളേ ഉയരുവിൻ മഹത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ. ആരാണ് മഹത്വത്തിന്റെ രാജാവ് ? സൈന്യങ്ങളുടെ കർത്താവ്തന്നെ. അവിടുന്നാണ് മഹത്വ ത്തിന്റെ രാജാവ്.